**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.പ്രേംസുജിത്ത് എം.ആർ., ഹെഡ് അക്കൗണ്ടന്റ്, തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട് ഫയൽ ചെയ്ത OA-136/2018 നമ്പർ കേസിന്റെ 28.02.2018-ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.997/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 09.04.2018.**

പരാമർശം: 1) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1787/2017-മേലുള്ള 10.11.2017-ലെ അന്തിമ ഉത്തരവ്.

2) ഗ്രാമവികസന കമ്മീഷണറുടെ 13.12.2017, 03.01.2018 തീയതികളിലെ 14024/എസ്റ്റാ.സി3/2017/സിആർഡി നമ്പർ കത്ത്.

3) സ.ഉ(സാധാ) നം.193/2018/തസ്വഭവ തീയതി, 20.01.2018

4) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-136/2018-മേലുള്ള 28.02.2018-ലെ അന്തിമ ഉത്തരവ്.

5) ശ്രീ.പ്രേംസുജിത്ത് എം.ആർ., ഹെഡ് അക്കൗണ്ടന്റ്, തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട് സമർപ്പിച്ച 22.01.2018-ലെ നിവേദനം.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്കിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.പ്രേംസുജിത്ത് എം.ആർ.-നെ 2017-ലെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി തോടന്നൂർ ബ്ലോക്കിൽ ഹെഡ് അക്കൗണ്ടന്റായി സ്ഥലം മാറ്റിയിരുന്നു. ഇതിന്മേൽ ശ്രീ.പ്രേംസുജിത്ത് എം.ആർ. പരാമർശം (1) പ്രകാരം ഫയൽ ചെയ്ത ഒ.എ-യിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവ് നൽകിയിരുന്നു.

"Having regard to the facts of the case, "there will be a direction to the 1st respondent to consider Annexure A7 representation in the light of the facts shown in Annexure A8 order and pass appropriate orders thereon, within a period of two months from the date of receipt of copy of this order."

1996-ൽ സർവ്വീസിൽ ചേർന്നതു മുതൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് ടിയാൻ ജോലി ചെയ്തിട്ടുള്ളതെന്നും ടിയാനേക്കാൾ സീനിയറായ വ്യക്തിക്ക് ജില്ലയിൽ ജോലി ചെയ്യാൻ അവസരം നൽകാനായിട്ടാണ് ടിയാനെ ജില്ലയ്ക്ക് പുറത്തേയ്ക്ക് മാറ്റേണ്ടിവന്നതെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പ്രേംസുജിത്തിന്റെ അനുബന്ധം A7- ലെ ആവശ്യം നിരസിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഒ.എ.1787/2017-മേലുള്ള 10.11.2017-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കിയിരുന്നു.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.പ്രേംസുജിത്ത് എം.ആർ പരാമർശം (4) പ്രകാരം ഫയൽ ചെയ്ത ഒ.എ.136/2018 ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവ് നൽകിയിരുന്നു.

"There will be a direction to the Ist respondent to consider Annexure A9 representation submitted by the applicant and pass orders thereon expeditiously, and before filling up the vacancies that would arise in Thiruvananthapuram district as indicated by the applicant"

2017-ലെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി 2013 ഒക്ടോബർ മുതൽ പെരുങ്കടവിള ബ്ലോക്കിൽ ജോലിചെയ്തിരുന്ന ശ്രീ.പ്രേംസുജിത്തിനെ തിരുവനന്തപുരം ജില്ലയിൽ നിന്നും സ്ഥലംമാറ്റിയത് ടിയാനേക്കാൾ സീനിയറായ വ്യക്തിക്ക് സ്വന്തം ജില്ലയിൽ ജോലി ചെയ്യാൻ അവസരം നൽകുന്നതിനു വേണ്ടിയാണ്. ഇത് നിലവിലെ പൊതുസ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായിട്ടായിരുന്നു.

01.02.2018-ന് ഒഴിവ് വരുന്ന വർക്കല ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ തന്നെ നിയമിക്കണമെന്നതാണ് ശ്രീ.പ്രേംസുജിത്തിന്റെ 22.01.2018-ലെ നിവേദനത്തിലെ (അനുബന്ധം-9) ആവശ്യം.

നിലവിലെ പൊതുസ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഒരു പ്രത്യേക സ്റ്റേഷനിലേക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ ഓപ്റ്റ് ചെയ്യുമ്പോൾ ഏറ്റവും സീനിയറായ വ്യക്തിയെ ഒന്നാമതായി പരിഗണിക്കേണ്ടതാണ്. 2017-ലെ പൊതുസ്ഥലംമാറ്റ ക്യൂ ലിസ്റ്റ് പ്രകാരം വർക്കല ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷകനേക്കാൾ സീനിയറായിട്ടുള്ളവരോ ജൂനിയറായിട്ടുള്ളവരോ ആരുംതന്നെ ഓപ്ഷൻ നൽകിയിട്ടില്ല എന്നാണ് അപേക്ഷകൻ അനുബന്ധം-9-ലെ നിവേദനത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ 01.02.2018-ന് ഒഴിവ് വന്ന വർക്കല ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമനം നൽകുവാൻ അപേക്ഷകന് അർഹത ഉണ്ടോ എന്ന് 25.02.2017-ലെ സ.ഉ.(പി) നം.3/2017/ഉഭപവ-യിലെ മാനണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നു.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-136/2018 നമ്പർ കേസിന്റെ 28.02.2018-ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ.അജിത്ത് കുമാർ**
**സെക്രട്ടറി**

ശ്രീ.പ്രേംസുജിത്ത് എം.ആർ., ഹെഡ് അക്കൗണ്ടന്റ്, തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ